SN – 139

– 4 –

**III Semester B.A./B.Sc. Examination, November/December 2013**
**(Semester Scheme)**
**(Repeaters) (2008-09 Onwards)**
**MALAYALAM**
**Malayalam Language (Paper – III)**

Time : 3 Hours                                                                 Max. Marks : 90

ST. CLARET COLLEGE LIBRARY

I. ഏതെങ്കിലും **നാലെണ്ണം** വ്യാഖ്യാനിയ്ക്കുക : **(4×5=20)**

1) 'ആവണികളൊരു കുഞ്ഞു പൂവ് തിരയുന്നു
ആറുകളൊഴുക്കു തിരയുന്നു

2) 'എന്തിനേ പൂക്കൾ വിരിയുന്നു ?
ഉണ്ണിയെക്കാണാൻ കൊതിച്ചിട്ട്'

3) സായിപ്പു കേൾപ്പൂ മുന്നി –
ലാഗതരാകും നാട്ടു –
കാരുടെയപേക്ഷകൾ

4) 'മരിച്ചുവോ ? – എങ്കിൽ, ഇവിടെ നീയൊത്തു
മരിക്കുവാൻ സ്വയം തപിക്കുന്നു ഞങ്ങൾ'

5) ഒരു കൗതുകമായി-കാണികൾക്കത്-പിന്നെ
വെറുതെ കടന്നുപോ –
യാളുകളതു വഴി

II. a) **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക (**ഒന്നര** പുറത്തിൽ) : **(2×6=12)**

1) പെൺകിടാവിന്റെ നേരിനെക്കുറിച്ച് കവിയ്ക്ക് എന്തറിയാം ?

2) കവി സ്മരിക്കുന്ന ഒരു പുരാവൃത്തം എന്ത് ?

3) 'സർവ്വം സഹയായ' ഭൂമിയുടെ മരണത്തെക്കുറിച്ച് കവി എങ്ങനെ വർണ്ണിക്കുന്നു ?

b) **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക (**ഒന്നര**പുറത്തിൽ) : **(2×6=12)**

1) 'മഞ്ഞ് ' എന്ന നോവലിന്റെ ആഖ്യാനരീതിയുടെ സവിശേഷതയെന്ത് ?

2) ബുദ്ദു എന്ന കഥാപാത്രം.

3) സർദ്ദാർജി എന്ന കഥാപാത്രം.

III. **ഒന്നിന്** ഉത്തരമെഴുതുക (**മൂന്നു** പുറത്തിൽ) : (1×15=15)

1) സ്ത്രീദൈന്യത്തിന്റെ ചിത്രമാണ് 'കുഞ്ഞേടത്തി' വിവരിക്കുക.

2) 'കൃഷ്ണപക്ഷത്തിലെ പാട്ട് ' എന്ന കവിതയ്ക്ക് ഒരാസ്വാദനമെഴുതുക.

IV. **ഒന്നിന്** ഉത്തരമെഴുതുക (**മൂന്നു** പുറത്തിൽ) : (1×15=15)

1) കാത്തിരിപ്പിന്റെ വക്താക്കളാണ് 'മഞ്ഞി'ൽ ഉള്ളത് – വ്യക്തമാക്കുക.

2) 'മനുഷ്യനെപ്പോലെ തന്നെ പ്രകൃതിയ്ക്കും ഇതിൽ ഒരു പ്രധാനസ്ഥാനമുണ്ട് ' – വിവരിക്കുക.

V. a) പരാവർത്തനം ചെയ്യുക. 4

'നിർണ്ണയം കാലം മറിഞ്ഞു – വര
വർണ്ണിനീ ധർമ്മമഠത്തിൽ
മുണ്ഡനം ചെയ്കയാലിന്നു – ശുദ്ധ –
ചണ്ഡാലി കേറി സമത്തിൽ
താണ ചെറുമിയൊന്നിച്ചായ് – അവർ
ക്കൂണുമിരിപ്പും കിടപ്പും
കാണി കൂസാതായി വെപ്പും – ശാസ്ത്ര –
വാണിയും നാട്ടിൽ നടപ്പും
പാരിൽ യജ്ഞങ്ങളില്ലാതായ് – ദേവർ
ക്കാരാധനകളില്ലാതായ്
ആരും പഠിക്കാതെയായി – വേദം
പോരെങ്കിൽ ജാതിയും പോയി'

b) സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക (**നാലെണ്ണം**) : (4×1=4)

1) ഭഗീരഥപ്രയത്നം

2) ഒത്താശ

3) പദ്ധതിയൊരുക്കുക

4) ഉടുത്തൊരുങ്ങുക

5) മുന്നിട്ടിറങ്ങുക

6) തലയിലെഴുത്ത്.

c) ഏതെങ്കിലും **ഒന്നിനെ**ക്കുറിച്ച് വിവരിക്കുക. 8

1) ദേശസഞ്ചാരം കൊണ്ടുള്ള പ്രയോജനങ്ങൾ.

2) വായനയുടെ പ്രാധാന്യം.

---

## III Semester B.Com./B.B.M. Examination, November/December 2013
## (Repeaters) (Semester Scheme)
## (2008-09 Onwards)
## MALAYALAM
## Malayalam Language (Paper – III)

Time : 3 Hours                                                                 Max. Marks : 90

I. ഏതെങ്കിലും **നാലെണ്ണം** വ്യാഖ്യാനിയ്ക്കുക : (4×5=20)

1) 'തൻ കുഞ്ഞിനെയോർത്തു നെഞ്ചുചുരന്ന പാൽ
എങ്ങും നിലയ്ക്കാതൊഴുക്കിപ്പരന്നതിൽ
മുങ്ങി മരിക്കുന്നൊരമ്മയെക്കണ്ടു ഞാൻ'

2) 'കടൽവെള്ളത്തിൽ നിന്നും കറിയുപ്പു വാറ്റുന്നു –
വെന്ന വിജ്ഞാനപ്പനയോലയിൽ കൊത്തി
എന്റെ നാവിന്നുരം വായ്പിച്ചു പണ്ടു ഞാൻ'

3) 'കാഷ്ഠിക്കുവാനായ് തരം പാർത്തു ചുറ്റുന്നു
നാറ്റക്കുഴിക്കുള്ളിൽ മേളിച്ച കാക്കകൾ'

4) 'ഭാഗ്യമുണ്ടായില്ല നിന്നെപ്പഠിപ്പിച്ചു
യോഗ്യനാക്കാനെന്റെ കേമദ്രുമഫലാൽ'

5) 'നിന്നിലെയുപ്പായിരിക്കുമേ മുത്തശ്ശി'

6) 'കണ്ണാടി വീട്ടിലുറങ്ങിക്കിടന്നൊ –
രുണ്ണിപോൽ ഞാനൊന്നു ഞെട്ടിത്തെറിച്ചു പോയ്'

II. a) **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക (**ഒന്നര**പുറത്തിൽ) : (2×8=16)

1) നഗരത്തിൽ ഫാക്ടറിത്തൊഴിലാളിയായ തുപ്പന്റെ ജീവിതം വിവരിക്കുക.

2) 'വഴിവെട്ടുന്നവരോട്' എന്ന കവിതയ്ക്ക് ഒരു ആസ്വാദനമെഴുതുക.

3) ജീവിതത്തിന്റെ നശ്വരതയെക്കുറിച്ച് 'ജോസ് ജോസഫിന്റെ മരണം' എന്ന കവിതയിലെ പരാമർശങ്ങൾ എന്തെല്ലാം ?

b) **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക (**ഒന്നര**പുറത്തിൽ) : (2×8=16)

1) കിഴക്കെ ആഫ്രിക്കയിലെ ഇന്ത്യക്കാരുടെ പ്രശ്നങ്ങൾ എസ്. കെ. പൊറ്റെക്കാട് എങ്ങനെ വിവരിക്കുന്നു ?

2) ആഫ്രിക്കയിൽ പൊറ്റെക്കാട് പരിചയപ്പെട്ട സുഹൃത്തുക്കൾ ആരെല്ലാം ? ഇവരെ ലേഖകൻ പരിചയപ്പെടുത്തുന്നത് എങ്ങനെയെല്ലാം ?

3) പ്രകൃതിയിലെ ഒരത്ഭുത പ്രതിഭാസമായി വിക്ടോറിയ വെള്ളച്ചാട്ടത്തെ വിവരിക്കുന്നതെങ്ങനെ ?

III. **ഒന്നിന്** ഉത്തരമെഴുതുക (**മൂന്നു** പുറത്തിൽ) : **(1×15=15)**

1) ജോസ് ജോസഫിന്റെ മരണം കവിയിൽ ഉയർത്തിയ ചിന്തകൾ.

2) ശാന്തിവേലയ്ക്ക് നിയമിതനായ തുപ്പൻ നമ്പൂതിരി നഗരത്തിൽ എത്തിച്ചേരാനുണ്ടായ സാഹചര്യം ചുരുക്കി വിവരിക്കുക.

IV. **ഒന്നിന്** ഉത്തരമെഴുതുക (**മൂന്നു** പുറത്തിൽ) : **(1×15=15)**

1) 'സഞ്ചാരസാഹിത്യ'ത്തിൽ 'കാപ്പിരികളുടെ നാട്ടിൽ' എന്ന സഞ്ചാരകൃതിയ്ക്കുള്ള പ്രാധാന്യമെന്ത് ?

2) ആഫ്രിക്കൻ യാത്രയിൽ എസ്. കെ. പൊറ്റെക്കാടിന് നേരിടേണ്ടി വന്ന സംഭവങ്ങൾ ചുരുക്കി വിവരിക്കുക.

V. ഒരു നിവേദനം തയ്യാറാക്കുക. **4**

കുടിവെള്ളപ്രശ്ന പരിഹാരത്തിനായി അധികാരിയ്ക്ക് ഒരു നിവേദനം സമർപ്പിക്കുക.

VI. വാക്യഘടന ശരിപ്പെടുത്തുക (**രണ്ടെണ്ണം**) : **(2×2=4)**

1) രാധയേക്കാൾ മിടുക്കിയായ മറ്റൊരു കുട്ടി ആ ക്ലാസ്സിൽ വേറെയില്ല.

2) ആ അയൽക്കാർ തമ്മിൽ എന്നും പരസ്പരം വഴക്കുണ്ടാക്കും.

3) കാണാതെ പോയ പേന തിരിച്ചു കിട്ടി രാമുവിന്.